കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല - പഴയകുന്നുമേൽ ഗ്രാമപഞ്ചായത്ത് - 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.1, 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7, 3.8 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.1122/13/തസ്വഭവ. തിരുവനന്തപുരം,തീയതി: 23/04/2013

---

പരാമർശം:- 1) പഴയകുന്നുമേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11/02/2012-ലെ എ 2-8084/11-ാം നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 17/10/2012-ലെ LF/4276/P.T1/12-ാം നമ്പർ കത്തും 22/03/2013-ലെ LF-26170/P.T1/12-ാം നമ്പർ കത്തും.

## ഉത്തരവ്

പഴയകുന്നുമേൽ ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം പഞ്ചായത്ത് ബസ് സ്റ്റാന്റിന്റെ നിർമ്മാണ ഉദ്ഘാടനവും പുതുക്കിയ പഞ്ചായത്ത് ഓഫീസ് കെട്ടിട ഉദ്ഘാടനവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം ചെലവഴിച്ച 18,534/- രൂപയും 2007-08 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 പ്രകാരം വൃദ്ധർക്കും വികലാംഗർക്കും ഭക്ഷ്യധാന്യ വിതരണം, കിണർ നിർമ്മാണം എന്ന പദ്ധതിക്ക് വികസന ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പാക്കിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ 1,37,016/- രൂപയും ഖണ്ഡിക 3-8 പ്രകാരം അംഗൺവാടി പോഷകാഹാരം എന്ന പദ്ധതിക്ക് DPC അംഗീകരിച്ച തുകയേക്കാൾ അധികം ചെലവഴിച്ച 1,34,510/- രൂപയും തടസ്സപ്പെടുത്തിയിരുന്നു.

സദുദ്ദേശത്തോടെ നടപ്പിലാക്കിയ പദ്ധതികളായതിനാൽ പ്രസ്തുത ചെലവുകൾക്ക് സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ 15/10/2011-ലെ V(1), V(5), VI(4) -ാം നമ്പർ തീരുമാനങ്ങൾ പ്രകാരം ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെ പഞ്ചായത്ത് സെക്രട്ടറി സൂചന ഒന്ന് പ്രകാരം സർക്കാരിൽ അപേക്ഷിച്ചിരുന്നു.

ടി വിഷയത്തിൻമേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂചന രണ്ടിലെ റിപ്പോർട്ടിൽ പഞ്ചായത്ത് തീരുമാനവും ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയും പരിഗണിച്ച് പ്രസ്തുത ചെലവുകൾക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പഴയകുന്നുമേൽ ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 പ്രകാരം തടസ്സപ്പെടുത്തിയ 18,534/- രൂപ (പതിനെട്ടായിരത്തി അഞ്ഞൂറ്റി മുപ്പത്തി നാല് രൂപ മാത്രം) 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 പ്രകാരം തടസ്സപ്പെടുത്തിയ 1,37,016/- രൂപ (ഒരു ലക്ഷത്തി, മുപ്പത്തിയേഴായിരത്തി, പതിനാറ് രൂപ മാത്രം) 3-8 പ്രകാരം തടസ്സപ്പെടുത്തിയ 1,34,510/- രൂപ (ഒരു ലക്ഷത്തി മുപ്പത്തി നാലായിരത്തി, അഞ്ഞൂറ്റി പത്ത് രൂപ മാത്രം) എന്നീ തുകകൾ ചെലവു ചെയ്ത ഗ്രമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഴയകുന്നുമേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ